പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1329     01.07.2015 - ൽ മറുപടിക്ക്

## കമ്പംകോടു മുതൽ ഏനാത്ത് വരെ വാഹനാപകടമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) |

(എ) മെയിൻ സെൻട്രൽ റോഡിൽ കമ്പംകോടു മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് കഴിഞ്ഞ 4 വർഷങ്ങളിൽ വാഹന അപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം എത്രയാണ് ;

(എ) മെയിൻ സെൻട്രൽ റോഡിൽ കമ്പംകോട് മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് കഴിഞ്ഞ 4 വർഷങ്ങളിൽ (സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ - ക്രാഷ് ഡേറ്റാ പ്രകാരം) വാഹന അപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം താഴെ പറയുന്നു.

| വർഷം | എണ്ണം |
|---|---|
| 2011 | 10 |
| 2012 | 27 |
| 2013 | 12 |
| 2014 | 10 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രദേശം വാഹനാപകടമുക്തമാക്കുന്നതിന് കെ. എസ്. റ്റി. പി. സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (ബി) & (സി) | 2011 - ൽ നവീകരണം പൂർത്തിയാക്കിയ ശേഷം പ്രസ്തുത റോഡിന്റെ കഴക്കൂട്ടം മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി 2012 - ൽ റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കാലാകാലങ്ങളിൽ മഴമൂലമുണ്ടാകുന്ന പോട്ട് ഹോളുകൾ യഥാസമയം അടയ്ക്കുക, മാഞ്ഞ് പോയ ഹമ്പ് മാർക്കിംഗ് ചെയ്യുക എന്നിവയും വാളകത്തും കമ്പംകോടും മഴമൂലമുണ്ടായ കേടുപാടുകൾ ബി. സി. ഓവർലേ ചെയ്തു റോഡ് യാത്ര സുഗമമാക്കുക, മറ്റ് റോഡ് സേഫ്റ്റി പ്രവൃത്തികളായ മുന്നറിയിപ്പ് ബോർഡുകൾ, ക്രാഷ് ബാരിയർ, റോഡ് സ്റ്റഡ്, കാട് വെട്ടിതെളിക്കൽ, ഓട ക്ലീനിംഗ് എന്നിവയും നടത്തിയിട്ടുണ്ട്. കൂടാതെ അപ്രോച്ച് റോഡുകളിൽ ഹമ്പ് സ്ഥാപിച്ച് ഇതുവഴി വാഹനങ്ങൾ അമിത വേഗത്തിൽ എം. സി. റോഡിൽ പ്രവേശിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഇതുകൂടാതെ എം. സി. റോഡിന്റെ അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ. എസ്. റ്റി. പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കഴക്കൂട്ടം മുതൽ അടൂർ വരെ ലോക ബാങ്ക് സഹായത്താൽ “സേഫ് കോറിഡോർ” പദ്ധതി നടപ്പാക്കുന്നതിനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് ആകെ ചിലവഴിച്ച തുക ചുവടെ ചേർക്കുന്നു. |
| (സി) | എത്ര തുക ഇതിനായി ചെലവഴിച്ചു ; ഇതിനായി നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | | |

i) പോട്ട് ഹോൾ ഫില്ലിംഗ് - 43,000/-

ii) ഹമ്പ് മാർക്കിംഗ് - 1,05,000/-.

iii) ബി. സി. ഓവർലേ - 12,46,931/-.

iv) റോഡ് സേഫ്റ്റി വർക്ക് - കമ്പംകോട് മുതൽ ഏനാത്ത് വരെ ഉൾപ്പെടുന്ന കഴക്കൂട്ടം മുതൽ ചെങ്ങന്നൂർ വരെയുള്ള എം. സി. റോഡിന്റെ സുരക്ഷാ പ്രവൃത്തികൾക്കായി (2012 കാലഘട്ടത്തിൽ) 4.67 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ